# ജാമക്കാരൻ
# JAMAKKARAN

VOLUME - 7 Reg NO.TNBIL/2016/70171 ISSUE - 2

FEBRUARY - 2023 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333



കർത്താവിൽ പ്രിയരെ,

നിങ്ങൾക്ക് എല്ലാവർക്കും ക്രിസ്തുവിന്റെ നാമത്തിൽ വന്ദനം പറയുന്നു. കഴിഞ്ഞവർഷം കൃപയായി നമ്മെ വഴി നടത്തിയ ദൈവം മഹാരോഗങ്ങളിൽ നിന്നും നമ്മിൽ പലരെ രക്ഷപ്പെടുത്തി. ജീവനോടു സംരക്ഷിച്ച ദൈവത്തിനു സ്തോത്രം. എന്നെയും ദൈവം സൗഖ്യപ്പെടുത്തി ജാമക്കാരൻ മാസിക ഒരു മാസം പോലും തടസ്സമില്ലാതെ നടത്തുവാൻ കൃപ ചെയ്ത ദൈവത്തെ സ്തുതിക്കുന്നു.

എന്റെ രോഗം സൗഖ്യമാക്കിയശേഷം കഴിഞ്ഞ വർഷം നടന്ന യോഗങ്ങൾക്കു ദൈവത്തെ സ്തുതിക്കാൻ ഞാൻ പറയുന്നു.

ജാ മ ക്കാ ര ൻ J A M A K K A R A N

**യോഗം നടന്ന സ്ഥലങ്ങൾ**

1. കർണ്ണാടക
2. മഹാരാഷ്ട്ര
3. കേരളം
4. ആന്ധ്ര
5. തമിഴ്നാട്

ബാംഗ്ലൂർ, കോട്ടയം, മുംബൈ (ബാംഡുപ്), വയനാട്, നിലമ്പൂർ ആദിവാസികളുടെ ഇടയിലെ ദൈവവേല, ചെന്നൈ, ജയ്നഗർ, ഇളംതോപ്പ് (മധുര), പിച്ചിവിള, കുലശേഖരം (കന്യാകുമാരി ഡിസ്ട്രിക്ട്), തിരുനെൽവേലി തുടങ്ങിയ സ്ഥലങ്ങളിൽ സി.എസ്.ഐ. മെതഡിസ്റ്റ് സഭകളിൽ കർത്താവ് എന്നെ ഉപയോഗിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. കർത്താവ് എന്നെ പഴയതുപോലെ ഉപയോഗിക്കുവാൻ ഇഷ്ടമായതിനായി ദൈവത്തെ സ്തുതിക്കുന്നു. ഓരോരോ സ്ഥലങ്ങളിൽ നടന്ന അത്ഭുതങ്ങൾക്കായി മാനസാന്തരത്തിനായി ദൈവത്തെ സ്തുതിക്കുന്നു. ഈ 83-ാം വയസ്സിലും യാത്ര ചെയ്ത് പ്രസംഗിച്ചു വരുവാൻ ദൈവം എനിക്കു ചെയ്ത കൃപയ്ക്കും ബലത്തിനും ദൈവത്തെ സ്തുതിക്കുന്നു. 83 വയസ്സിൽ വരുന്ന ശരീര ബലഹീനതകൾ ഒന്നും ഉണ്ടാകാതെ എന്നെ നടത്തിക്കൊണ്ടിരിക്കുന്ന ദൈവത്തിനു സ്തോത്രം. ഞാൻ പോയി വന്ന പുതിയ പുതിയ സ്ഥലങ്ങളിൽ എനിക്കു തന്ന ആഹാരംകൊണ്ട് വയറിനു പ്രശ്നമോ മറ്റു രോഗങ്ങളോ, ബലഹീനതകളോ ഉണ്ടാകാതെ എന്നെ സംരക്ഷിക്കുന്ന എന്റെ ദൈവത്തിനു നന്ദി കരേറ്റുന്നു. ഇനി വരുന്ന മാസങ്ങങ്ങളിൽ 17 ജില്ലകളിലുള്ള സ്ഥലങ്ങളിൽ പ്രസംഗിക്കണം. കർത്താവ് പുതിയ പുതിയ വാതിലുകളെ തുറന്ന് എന്നെ ഉപയോഗിക്കുന്നതു ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. ഇതിൽ വടക്കേ ഇന്ത്യ ദൈവവേല ഉണ്ട്. ഇതെല്ലാം ഓർത്തു വായനക്കാർ തുടർന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

- നിങ്ങൾ അയച്ച എല്ലാ പണ സഹായങ്ങളും എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നു. അതിനായി നന്ദി പറയുന്നു. ദൈവത്തെ സ്തുതിക്കുന്നു.
- ജാമക്കാരൻ മാസിക കിട്ടാത്തവർ എനിക്കെഴുതിയാൽ മാസിക അയച്ചു തരും.
- പുതുതായി മാസിക വായിക്കാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ മുഴുവിലാസവും എഴുതി അറിയിക്കണം.
- കഴിഞ്ഞ രണ്ടു മാസങ്ങളിലായി കേരളത്തിൽ നിന്നു ധാരാളം മാസികകൾ Left എന്നെഴുതി പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ നിന്നു തിരിച്ചയച്ചിരിക്കുന്നു. നിങ്ങൾക്കു മാസിക വായിക്കാൻ താലപര്യമുണ്ടെങ്കിൽ പുതിയ വിലാസം എനിക്കെഴുതിയാൽ മാസിക അയച്ചു തരും.
- നിങ്ങൾ എഴുതിയ എല്ലാ പ്രാർത്ഥനാ കത്തുകളും ഞാൻ പ്രാർത്ഥിച്ചു. ദൈവം നിങ്ങൾക്കു മറുപടി തരും എന്നു ഞാൻ വിശ്വസിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ഡോ. പുഷ്പരാജ്**

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# വിശ്വാസിയുടെ അധികാരങ്ങൾ

(Selected)

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ വീണ്ടും ജനനാനുഭവത്തിലെത്തുന്ന ഒരു വ്യക്തിക്ക് അനേക ആത്മീയാധി കാരങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. ഒരു ട്രാഫിക് പോലീസിന്റെ “Stop” എന്ന തകിടു കണ്ട് ഏതു വലിയൊരാളും തന്റെ വാഹനം നിർത്തുന്നതു ആ പോലീസിന്റെ അധികാരത്തിലാണ്. അതുപോലെ വിശ്വാസ ജീവിതത്തിലും അധികാരം തിരിച്ചറിയുകയും അതുപയോഗിക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

**1. ക്രിസ്തു നിങ്ങളിൽ**

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിലിരിക്കുന്നുവെന്ന ആത്മീയസത്യം വളരെ ശക്തിയേറിയതാണ് (കൊലോ. 1:27). നിങ്ങളിലിരിക്കുന്നവൻ ലോകത്തിലുള്ളവനേക്കാൾ വലിയവൻ (1 യോഹ. 4:4) എന്ന വചനവും ഇത്തരുണത്തിൽ ഓർക്കണം. ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തംപരമായി നല്കുന്ന ശക്തി നമ്മിൽത്തന്നെയാണുള്ളത് (എഫെ. 3:19,20). കാരണം നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നുവെന്നാണ് പൗലൊസ് പഠിപ്പിക്കുന്നത് (കൊലൊ. 3:1–3). അളവറ്റ വലിപ്പമുള്ള ശക്തിയാണു വിശ്വാസിക്കുള്ളത് (എഫെ. 1:18).

**2. ക്രിസ്തുവിന്റെ അവയവങ്ങൾ**

നമ്മുടെ ശരീരം ക്രിസ്തുവിന്റെ അവയവങ്ങളാണ് (1 കൊരി. 6:15–20). കാരണം അതു പരിശുദ്ധാത്മാവിന്റെ മന്ദിരമാണ് (1 കൊരി. 3:16, 6:19). നാം ക്രിസ്തുവിന്റെ മനസ്സുള്ളവരുമാണ് (1 കൊരി. 2:16) എന്നും പൗലൊസ്

പഠിപ്പിക്കുന്നു. അപ്പോൾ ശരീരവും മനസ്സും ആത്മാവും ക്രിസ്തുവിന്റേതാണ്. ഈ ബോധ്യത്തിൽ ജീവിക്കുമ്പോഴാണ് വിശുദ്ധജീവിതമാവശ്യമെന്നു അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്.

**3. ക്രിസ്തുവിന്റെ സ്ഥാനാപതികൾ**

ഓരോ ക്രിസ്തുവിശ്വാസിയും യേശുക്രിസ്തുവിന്റെ സ്ഥാനാപതി അതായതു പ്രതിനിധിയാണ് (2 കൊരി. 5:20). യേശുവിനെപ്പോലെ ഈ ലോകത്തിൽ നാമുമിരിക്കുന്നുവെന്നാണ് യോഹന്നാൻ ഇതിനെക്കുറിച്ചു പറയുന്നത് (1 യോഹ. 4:17). പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയച്ചിരിക്കുന്നുവെന്നാണല്ലോ യേശു പറഞ്ഞത് (യോഹ. 20:21).

**4. അധികവും ചെയ്യും**

യേശു ചെയ്തതിലധികവും ചെയ്യാനുള്ള കാലഘട്ടത്തിലേ ക്കാണ് ക്രിസ്തു അപ്പൊസ്തലന്മാരെ അയച്ചത് (യോഹ. 14:12). അതിന്റെ കാരണവും അവിടെയെഴുതിയിട്ടുണ്ട് (യോഹ. 14:12–23). പരിശുദ്ധാത്മാവിന്റെ ദാനമാണത്. പെന്തക്കൊസ്തുനാളു മുതൽ അതാരംഭിച്ചു (യോഹ. 16:8–13; അപ്പ. പ്ര. 2:1–11; യോവേ. 2:28; അപ്പ. പ്ര. 2:17; യെശ. 28:2). "യേശു ചെയ്തതിലധികവും" എന്നതു ജനങ്ങളുടെ സുവിശേഷത്തിലുള്ള വിശ്വാസവും സഭാസ്ഥാപനവും പരിശുദ്ധാത്മാവിന്റ വരദാനങ്ങളുടെ പ്രകടനവുമൊക്കെയായിരിക്കാ മെന്നാണ് പണ്ഡിതരഭിപ്രായപ്പെടുന്നത്.

**5. പഴയനിയമ പ്രവാചകരേക്കാൾ വലിയവർ**

യേശുക്രിസ്തുവിനുശേഷം യേശുവിനെ ക്രിസ്തുവായി അംഗീകരിച്ചു ജീവിക്കുന്നവർ പഴയനിയമപ്രവാചകന്മാരേക്കാൾ വലിയവരെന്നാണ് യേശു പഠിപ്പിച്ചത് (ലൂക്കൊ. 10:23,24; മത്താ. 11:25,26). പഴയനിയമപ്രവാചകന്മാരും രാജാക്കന്മാരും കാണാത്തതും കേൾക്കാത്തതുമാണു യേശുവിലൂടെ യേശുവിനുശേഷം വെളിപ്പെട്ടിരിക്കുന്നത്. വിജാതിയർക്കു ലഭിച്ച രക്ഷയുടെ

മാർമ്മിക സത്യവും പഴയനിയമനേതാക്കന്മാർക്കു വെളിപ്പെട്ടിരുന്നില്ല (എഫെ. 3:1–6). കാരണം ദൈവരാജ്യഘോഷണകാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് (ലൂക്കൊ. 16:16).

**6. പൈശാചികശക്തികളുടെ മേൽ**

അപ്പൊസ്തലന്മാർക്കു യേശു പൈശാചികശക്തികളുടെമേൽ അധികാരം നൽകി. പാമ്പുകളേയും തേളുകളേയും ശത്രുവിന്റെ സകലബലത്തെയും ചവിട്ടാൻ ഞാൻ നിങ്ങൾക്കധികാരം നല്കുന്നു; അവ നിങ്ങൾക്കൊരു ദോഷവും വരുത്തുകയില്ല (ലൂക്കൊ. 10:19; മത്താ. 18:18; മർക്കൊ. 16:17,18) എന്നായിരുന്നു യേശുവിന്റെ വാഗ്ദത്തം. യേശുവിൽ വിശ്വസിക്കുന്നവർക്കു അപ്പൊസ്തലികമായി സഭയിലേക്കു തുടർന്ന് ഈ അധികാരങ്ങൾ ലഭിച്ചു. ഇതു ചിലർക്കുമാത്രം ലഭിച്ച അധികാരങ്ങളായി കരുതരുത്. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും" (മർക്കൊ. 16:17,18) എന്നാണ് മർക്കൊസ് രേഖപ്പെടുത്തുന്നത്. ചിലർ ഇതിനെ പണവും പേരും ഉണ്ടാക്കാനായി ഒരു ദിവ്യശക്തിയായി പ്രകടിപ്പിച്ചു പ്രയോഗിക്കുന്നുണ്ട്. എന്നാൽ യേശുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും നല്കിയിരിക്കുന്ന വാഗ്ദത്തവും അധികാരവുമാണത്.

**7. കണ്ണുകാണാത്തതും ചെവികേൾക്കാത്തതും**

ഒരു കണ്ണുകാണാത്തതും ചെവി കേൾക്കാത്തതും ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നാത്തതും നിങ്ങൾക്കു ദൈവത്തിന്റെ ആത്മാവിനാൽ വെളിപ്പെട്ടിരിക്കുന്നുവെന്നാണ് (1 കൊരി. 2:9) പൗലൊസ് പറഞ്ഞത്. പഴയനിയമത്തിൽ ഇതു മറഞ്ഞിരിക്കുന്നു (യെശ. 64:4). എന്നാൽ ഇന്നു യേശുവിൽ വിശ്വസിക്കുന്ന ഏവർക്കും വേണ്ടി ഔദാര്യമായി തുറന്നിരിക്കുന്നു. ഇതു പുതിയനിയമ വിശ്വാസികൾക്കുള്ള ആത്മീയപദവിയും അനുഗ്രഹവുമാണ്.

**8. ദൂതന്മാരേയും വിധിക്കും**

യുഗാന്ത്യത്തിൽ ദൂതന്മാരേയും വിധിക്കാനുള്ള അധികാരം പുതിയ നിയമവിശ്വാസിക്കുണ്ടെന്നാണ് പൗലൊസിന്റെ വാദം (1 കൊരി. 6:2,3).

**9. അടയാളങ്ങൾക്കുള്ള അധികാരം**

"വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും" (മർക്കൊ. 16:16,17). മോശെയിലൂടെയുള്ള 10 അടയാളങ്ങളിലൂടെയാണ് യിസ്രായേൽ ജനം വിടുവിക്കപ്പെട്ടത്. എന്നാൽ പുതിയനിയമത്തിൽ യേശു എല്ലാ വിശ്വാസികൾക്കും ഈ അധികാരം നല്കുന്നു. കാരണം സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ളവനാണ് അവിടുന്ന് (മത്താ. 28:18).

**10. ദൈവത്തിന്റെ മേൽവിലാസം**

ഓരോ വിശ്വാസിയും യേശുവിലൂടെ ദൈവത്തിന്റെ മേൽവിലാസമാണ്. ഈ പദവിയെക്കുറിച്ച് വേദപുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്.

**ജാമക്കാരൻ :** ഇതുവരെ വായിച്ചതുപോലെ യേശുവിന്റെ രക്തം കൊണ്ടു കഴുകപ്പെട്ട വിശ്വാസിക്കു ദൈവം നല്കുന്ന വലിയ സമ്മാനം **അധികാരമാണ്.** ഈ അധികാരം വെച്ചുകൊണ്ട് എന്തും ചെയ്യാം. ലോകത്തെ ഇളക്കാം. അപ്പൊസ്തലന്മാർ അങ്ങനെ ചെയ്തതു അതോടൊപ്പം ക്രിസ്തു നമ്മുടെ ഉള്ളിൽ വസിക്കുന്നു എന്ന ഉറപ്പും ഉണർവ്വും നമുക്കുണ്ടായാൽ ഇത്രയും എത്ര വലിയ കാര്യങ്ങളെ നമുക്കു ചെയ്യാൻ സാധിക്കും എന്ന ചിന്തിച്ചു നോക്കണം യോഹ. 16:23,24 പറയുന്നതുപോലെ ഒരുവൻ എന്നെ സ്നേഹിക്കുമെങ്കിൽ അവൻ എന്റെ വചനത്തെ കൈക്കൊണ്ടും പിതാവ് അവനെ സ്നേഹിക്കും. അടുത്തതാണ് പ്രധാന വാക്യം ലോകത്തിൽ ആർക്കും കിട്ടാത്ത ഏതു സഭക്കാർക്കും കിട്ടാത്ത ക്രിസ്ത്യാനി എന്ന പേർ വെച്ച ആർക്കും കിട്ടാത്ത ഒരു വലിയ കൃപയും ദാനവും രക്ഷിക്കപ്പെട്ടു വിശ്വാസിക്കു കിട്ടും ഇതിൽ പറയുന്ന വചനം ഞങ്ങൾ (പിതാവ്, പുത്രൻ,

പരിശുദ്ധാത്മാവ്) അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ കുടിയിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ പൗലൊസ് പറഞ്ഞു കൈകളാൽ പണിത ആലയത്തിൽ ദൈവം ഇല്ല നിങ്ങൾ തന്നെ വിശുദ്ധ മന്ദിരം (പള്ളി). ഈ ആലയത്തെ വിശുദ്ധ മന്ദിരത്തെ നശിപ്പിക്കുന്നവനെ ഞാൻ നിശിപ്പിക്കും. നാം വിശുദ്ധ മന്ദിരമാണ്. ദൈവം തന്റെ രക്തം കൊടുത്തു വിലക്കുവാങ്ങിയിരിക്കുന്ന ഈ ശരീരത്തെ, വിശുദ്ധ മന്ദിരത്തെ നശിപ്പിക്കാൻ ആർക്കും അവകാശമില്ല. അങ്ങനെ ചെയ്താൽ ദൈവത്തിനു ദേഷ്യം വരും. അവൻ ആലയത്തിനുമിതെ വൈരാഗ്യം ഉള്ള ദൈവമാണ്. ഈ ആലയം എന്നു പറയുന്ന ശരീരത്തെ നശിപ്പിച്ചാൽ അവൻ ചാട്ട എടുക്കും. അവകാശത്തിന്റെ അടിസ്ഥാനത്തിൽ അവൻ ചാട്ട എടുക്കുന്നത്. ഇത് മനസ്സിൽ വച്ചിട്ടാണ് പൗലൊസ് മറ്റൊരു വാക്കു പറയുന്നത്. ലോകത്തിലുള്ളവനെക്കാൾ നിങ്ങളിലുള്ളവൻ വലയിവൻ സാധാരണ വലിയവനല്ല ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ വലിയവൻ അവൻ നിങ്ങളുടെ ഹൃദയത്തിൽ പാർക്കുന്നു എന്നു ഉണർന്നാൽ പല കൃപകൾ നിങ്ങൾക്കു ലഭിക്കും. ഒന്നു പാപം ചെയ്യുന്നില്ല. അവനെ ഉള്ളിൽ വച്ചുകൊണ്ടു കള്ളം പറയാൻ സാധക്കില്ല. ഏതിനെക്കുറിച്ചും ഭയം ഉണ്ടാകില്ല. കാരണം ഉള്ളിലുള്ളവൻ വലിയവനാണ്. പലർ ക്ഷുദ്രപ്രയോഗം കൂടോത്രം മരിച്ച ആത്മാക്കൾ ഇതിനെക്കുറിച്ചെല്ലാം പേടിക്കുന്നു. ഇവരെല്ലാം തങ്ങളുടെ ഹൃദയത്തിൽ ഉള്ളവനെ മനസ്സിലാക്കാതെ പോയി. ക്രൂശിൽ രക്തം ചിന്തിയ ശേഷവും അതിനു മുമ്പേ ഗദ്ശമനതോട്ടത്തിൽ യേശു പ്രാർത്ഥിക്കുമ്പോൾ വിയർപ്പു തുള്ളികൾ രക്തത്തുള്ളികളായി തറയിൽ വീണു, അപ്പോഴേ പിശാചിന്റെ തലയെ ദൈവം നശിപ്പിച്ചു. അമേരിക്കയിൽ അവാർഡ് വാങ്ങിയ വലിയ നടൻ **പാഷൻ ഓഫ് ക്രൈസ്റ്റ്** എന്ന ഒരു സിനിമ എടുത്തു. വലിയ കഥകൾ അതിലില്ല യേശുക്രിസ്തുവിന്റെ ക്രൂശുവേദന മാത്രമാണ്. അതിൽ പ്രാധാന്യം കൊടുത്തത്. ഇതുവരെ ആരും

എടുക്കാത്തവിധത്തിൽ ക്രിസ്തുവിന്റെ വേദനകളെ സിനിമയിൽ കാണിച്ചു. അതിൽ ഗദശമനയിൽ യേശു പ്രാർത്ഥിക്കുന്ന സീൻ വരുന്നു. അവൻ പ്രാർത്ഥിക്കുന്ന സമയം വിയർപ്പു തുള്ളികൾ തറയിൽ വീണു. ആ സമയത്തിൽ ഏദൻ തോട്ടത്തിലുള്ള പാമ്പ് അവിടെ വരുന്നു. അവന്റെ കാലിന്റെ അടുത്തു വന്നപ്പോൾ ക്രിസ്തുവിന്റെ കാൽ അതിന്റെ തലയെ തകർത്തത് കൃത്യമായി എടുത്തിട്ടുണ്ട്. ക്രിസ്തു അതു നോക്കിയിട്ടില്ല. കാൽ പിശാചിന്റെ തലയെ തകർത്തു ഉല്പത്തി പുസ്തകത്തിൽ പിശാചിനു കർത്താവ് ശാപം പറഞ്ഞപ്പോൾ പറഞ്ഞ ശാപത്തെ നിറവേറ്റി തലയെ തകർക്കും എന്ന ശാപത്തെ നിറവേറ്റി. ഇപ്പോൾ പിശാചില്ല. അവന്റെ വാൽ മാത്രം ഉണ്ട് ആ വാലിനെ കണ്ടു പേടിക്കുന്നവർ എത്രപേർ? അതു വെറും വാലാണ് അതുകൊണ്ട് ലോകജനങ്ങൾ പറയുന്ന ക്ഷുദ്രപ്രയോഗം കൂടോത്രം മരിച്ച ആത്മാക്കൾ ഇതിനെക്കുറിച്ചെല്ലാം ഭയപ്പെടരുത്. നിങ്ങളിലുള്ളവൻ വലിയവൻ.

83 വർഷത്തിനു മുമ്പു ഞങ്ങൾക്കു കിട്ടിയ വാടകവീട് പല വർഷങ്ങളായി പൂട്ടിക്കിടന്ന വീടാണ്. വീടിന്റെ ഉടമസ്ഥന്റെ മൂന്നു മക്കൾ തൂങ്ങി മരിച്ചു. ആത്മാക്കൾ ആ വീട്ടിൽ ഉണ്ട് എന്ന ഭയത്തിൽ ആരും ആ വീട്ടിൽ വാടകയ്ക്കു വന്നിട്ടില്ല. ഉടമസ്ഥൻ ഒരു ഇസ്ലാമ്യൻ ആണ്. അദ്ദേഹം പറഞ്ഞു നിങ്ങൾ ക്രിസ്ത്യാനികൾ ആയതുകൊണ്ട് മരിച്ച ആത്മാക്കളെ പേടിക്കുന്നില്ല എന്നു എനിക്കു അറിയാം. വാടക കൊടുക്കാതെ 5 വർഷം താമസിച്ചാൽ മതി പിന്നെ വാടകക്കാർ വരും എന്നു പറഞ്ഞു. ആ 4600 സ്ക്വയർ ഫീറ്റ് ഉള്ള ആ വലിയ വീട്ടിന് നാലു രൂപ വാടക ഇത് സംഭവിച്ചത് 1939 –ാം വർഷം അമ്മ എന്നെ പ്രസവിച്ചു കൊണ്ടുവന്നത് ആ വീട്ടിൽ ആണ്. ആറു ചേച്ചിമാരും ഞാനും മാതാപിതാക്കളും സന്തോഷത്തോടെ ആ വീട്ടിൽ താമസിച്ചു. ഞങ്ങൾ ആരാധിക്കുന്നവനും ഞങ്ങളുടെ ഉള്ളിൽ ഉള്ളവനും വലിയവൻ. അതേവീട്ടിൽ ആണ് ഇപ്പോൾ ഞാനും താമസിക്കുന്നത്. ഞങ്ങളോടു ചിലർ ചോദിച്ചു ആ

ആത്മാക്കളെ എങ്ങനെ കെട്ടി എന്നെല്ലാം. ഇപ്പോൾ ഞാൻ ഡോക്ടറായി ദൈവവവേലക്കാരനായി മനസ്സിലാക്കുന്നു. പിശാചിനെ കെട്ടാൻ സാധിക്കുന്നില്ല ശപിക്കാനും സാധിക്കുന്നില്ല. രോഗശാന്തി കൺവെൻഷനിൽ പലർ പറയുന്നതു കേട്ടിട്ടുണ്ട്. പിശാചെ ഞാൻ നിന്നെ നരകത്തിൽ അയയ്ക്കുന്നു എന്ന്. നരകത്തിന്റെ താക്കോൽ ആരാണ് ഈ ദൈവവേലക്കാരുടെ കൈയ്യിൽ കൊടുത്തത്. യേശുവും പറഞ്ഞിട്ടില്ല ശിഷ്യന്മാരും അങ്ങനെ പറഞ്ഞിട്ടില്ല. ഇതെല്ലാം കള്ള ഉപദേശങ്ങളാണ്. നാമെല്ലാവരും രക്ഷിക്കപ്പെട്ടവരായിരുന്നാൽ ക്രിസ്തുവിനെ ചുമന്നു കൊണ്ടു ചെല്ലുന്ന വ്യക്തികളായിരുന്നാൽ ദൈവം നമ്മോടുകൂടെ ഇരിക്കും. എന്തൊരു സമാധാനം എന്തൊരാശ്വാസം. ലോകത്തിൽ ഏതൊരു വ്യക്തിക്കും സന്യാസിക്കും കിട്ടാത്ത വലിയ ഭാഗ്യം. ക്രിസ്തുവിനെ സ്വീകരിച്ചു രക്ഷിക്കപ്പെട്ടവർക്കു കിട്ടിയിരിക്കുന്നു. അവൻ നമുക്കുള്ളിൽ ഉണ്ട്. ഭാര്യ മരിച്ചാലും മക്കൾ മരിച്ചാലും ഭർത്താവു മരിച്ചാലും രോഗക്കിടക്കയിലായാലും ദുർവർത്തമാനം കേട്ടാലും അവൻ ഭയപ്പെടുകയില്ല. പിശാചു അവനെ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല.

ഒരു പ്രാവശ്യം സാധുസുന്ദർ സിംഗ് ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ഒരു മന്ത്രവാദി പലവിധമായ മന്ത്രങ്ങൾ ചെയ്ത് ജനങ്ങളെ പേടിപ്പിച്ചു കൊണ്ടിരുന്നു. സാധു സുന്ദർസിംഗ് മാത്രം അവനെ ശ്രദ്ധിക്കാതെ ബൈബിൾ വായിച്ചുകൊണ്ടിരുന്നു. ആ മന്ത്രവാദിക്കു ഭയങ്കര ദേഷ്യം ഉണ്ടായി. ട്രെയിനിൽ ഉള്ള എല്ലാപേരും എന്നെ ശ്രദ്ധിക്കുന്ന നീ എന്നെ അലക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടു നിന്നെ വച്ച് ഞാനൊരു ഷോ കാണിക്കാൻ പോകുന്നു. സാധു സുന്ദർ സിംഗ് പറഞ്ഞു എന്നെ ഉപദ്രവിക്കരുത് നിന്റെ ജോലി നീ നോക്കിക്കോ. വീണ്ടും ബൈബിൾ വായിച്ചു കൊണ്ടിരുന്നു. മന്ത്രങ്ങൾ പറഞ്ഞു സാധു സുന്ദർസിംഗിനെ എണീപ്പിക്കാൻ പോകുന്നു എന്നു പറഞ്ഞു. പിന്നെ നിന്റെ കൈയ്യിൽ ഉള്ള പുസ്തകം എന്നെ തടുക്കുന്നു എന്നു പറഞ്ഞു. സാധു

ബൈബിൾ ബാഗിൽ വച്ചു. എന്നിട്ടും അവന് ഒന്നും ചെയ്യാൻ സാധിച്ചില്ല. എന്തുകൊണ്ടാണ് എനിക്കു നിന്നെ ഒന്നും ചെയ്യാൻ സാധിക്കാത്തത് എന്നു ചോദിച്ചു. എനിക്കുള്ളിൽ ഉള്ള യേശു മന്ത്രവാദിയുടെ മന്ത്രത്തെക്കാൾ ശക്തിയുള്ളവനാണ് എന്നു പറഞ്ഞു. എല്ലാപേർക്കും സുവിശേഷം പറഞ്ഞു. ആ അവസരത്തെ സുവിശേഷം പറയാൻ സുന്ദർസിംഗ് ഉപയോഗിച്ചത് നല്ല ജ്ഞാനമാണ്. അടുത്ത സ്റ്റേഷൻ വന്നപ്പോൾ നിനക്കുള്ളിൽ ഉള്ളവൻ വലിയവനാണ് എന്നു പറഞ്ഞു മന്ത്രവാദി വേറെ കംപാർട്ടുമെന്റിൽ കയറിപ്പോയി. ദൈവത്തെ സ്വീകരിച്ച എല്ലാവർക്കും അധികാരം ദൈവം കൊടുത്തിട്ടുണ്ട്. ശക്തിയല്ല അധികാരം.

ശിഷ്യന്മാരോട് യേശു പറഞ്ഞു ഞാൻ നിങ്ങൾക്കു സകല അധികാരവും കൊടുക്കുന്നു. ലോകമെങ്ങും പോയി രോഗികളെ സൗഖ്യമാക്കി പിശാചിനെ പുറത്താക്കി സുവിശേഷം പറയുവാൻ അധികാരം കൊടുക്കുന്നു. ആ അധികാരത്തിലാണ് യരുശലേം പള്ളിയിൽ പോകുമ്പോൾ അവിടെ ഉണ്ടായിരുന്ന മുടന്തൻ പത്രോസിനോട് ഭിക്ഷ ചോദിച്ചു. പത്രോസ് പറഞ്ഞു എന്റെ കയ്യിൽ പൊന്നും വെള്ളിയും ഇല്ല. യേശുവിന്റെ നാമത്തിൽ എണീറ്റു നടക്കാ എന്നു പറഞ്ഞപ്പോൾ ആ മുടന്തൻ എണീറ്റു നടന്നു. ദൈവത്തെ മഹത്വപ്പെടുത്തി. പത്രോസിന്റെ കയ്യിലോ പോക്കറ്റിലോ ശക്തി ഇല്ല. പക്ഷെ അവന്റെ ഹൃദയത്തിൽ ക്രിസ്തു ഉണ്ടായിരുന്നു. പോകുന്ന സ്ഥലത്തെല്ലാം അത്ഭുതങ്ങൾ താനേ സംഭവിക്കും. നിഴൽപെട്ടുപോലും രോഗികൾ സൗഖ്യമായി എന്തൊരത്ഭുതം. പഠിപ്പില്ലാത്തവൻ അവന്റെ ഉള്ളിൽ ദൈവം വസിച്ചതുകൊണ്ട് പ്രവർത്തനത്തിൽ ദൈവം കൊടുത്ത അധികാരം കാണപ്പെടുന്നു.

വായിക്കുന്ന വായനക്കാർ ഓരോരുത്തരും ചിന്തിക്കേണ്ട വിഷയം നിങ്ങളുടെ ഉള്ളിൽ ക്രിസ്തു ഉണ്ടോ? സ്വയപരിശോധന ചെയ്താട്ടെ. ക്രിസ്തു

ഉള്ളിൽ ഇരുന്നാൽ കുടുംബജീവിതത്തിൽ ചിലപ്പോൾ നമുക്കു ദേഷ്യം വരാൻ സാധ്യത ഉണ്ട്. അതു തെറ്റല്ല. പാപമല്ല പക്ഷെ അതു നിയന്ത്രിക്കാൻ ദൈവം സഹായിക്കും. മരിച്ച ആളുകളുടെ അടുത്തിരിക്കുമ്പോൾ കരച്ചിൽ വരും. എന്നാൽ ചുറ്റിലുള്ള ആർക്കും വരാത്ത ആശ്വാസം നിന്റെ ഉള്ളിൽ വരും. അതാണ് ക്രിസ്തു ഉള്ളവർക്കും ഇല്ലാത്തവർക്കും ഉള്ള വ്യത്യാസം. കണ്ണടച്ചു ശാന്തമായ സ്ഥലത്തിരുന്ന് സ്വയപരിശോധന ചെയ്താട്ടെ കർത്താവേ എന്റെ ഉള്ളിൽ നീ വരണമേ എന്നു പ്രാർത്ഥിച്ചാട്ടെ. കുറവുകളെല്ലാം ഏറ്റു പറഞ്ഞാട്ടെ. ഞാൻ അങ്ങനെ ചെയ്തു. ഞാൻ അനുഭവിക്കാത്തതും ചെയ്യാത്തതുമായ കാര്യം ഞാൻ വായനക്കാർക്കു പറയുന്നില്ല. 1964 –ാം വർഷം ഞാൻ രക്ഷിക്കപ്പെട്ടു പക്ഷെ പിന്നീടാണ് ഈ അത്ഭുതത്തെക്കുറിച്ചു ഞാനറിഞ്ഞത്. ആ അനുഭവം ഞാൻ പ്രാപിച്ചു. ഉള്ളിൽ ഉണ്ടായ ധൈര്യം ആശ്വാസം ലോകപ്രകാരമുള്ള ആഗ്രഹങ്ങൾ കൊതി എല്ലാം എന്നെ വിട്ടുമാറി. പരിശുദ്ധാത്മ ആശ്വാസം പിതാവിന്റെ വിശുദ്ധ ചിന്തയിലും പ്രവർത്തിയിലും ദൈവത്തിന്റെ കൃപയാൽ എന്നിൽ കടന്നുവന്നു. എന്തൊരു കൃപ. എന്റെ വീട്ടിൽ പണി ചെയ്യുന്ന പണിക്കാരിയുടെ ഭർത്താവു ഭയങ്കര കുടിയൻ. ഭാര്യ ജോലി ചെയ്യുന്ന പണത്തിൽ മദ്യപിക്കണം പിന്നെ ഭാര്യയെ തല്ലണം. അവനെ കൂട്ടിക്കൊണ്ടു വന്നു. പ്രായപൂർത്തിയായ മകൾ എന്റെ വീട്ടിൽ ഉണ്ട് എന്നു പറഞ്ഞു അവൾ കരഞ്ഞു. അവരെ ഇരുത്തി യേശുവിനെക്കുറിച്ചു പറഞ്ഞു വിദ്യാഭ്യാസമില്ലാത്തവർ എന്തു മനസ്സിലായി എന്നറിയാൻ പാടില്ല. യേശുവേ എന്നെ തൊടണമേ എന്ന് പറയിപ്പിച്ചു. പിറ്റേദിവസം അവൻ കുടി നിർത്തി വീട് ഒരു സ്വർഗ്ഗമായി എല്ലാവർക്കും സന്തോഷം. ഞാൻ അവനെ തൊട്ടില്ല വെറുതെ നിന്നു പ്രാർത്ഥിച്ചു എന്റെ ഉള്ളിലെ ക്രിസ്തു അവനെ തൊട്ടു. വീട്ടിൽ സാധനങ്ങൾ വാങ്ങാനും കാറോടിക്കാനും അവൻ പണി ചെയ്യുന്നു. ലോറി ഓടിച്ചവൻ, കുടി മുഖാന്തരം കൈ വിറയൽ, ആ ജോലി നഷ്ടമായി അവന്റെ ഭാര്യ വന്നു കരഞ്ഞു. അവനെ കൂട്ടിക്കൊണ്ടു വരാൻ പറഞ്ഞു നീ കുടിയെ

നിർത്തു ഞാൻ നിനക്കു ജോലി തരാം എന്നു ഞാൻ പറഞ്ഞു. പ്രാർത്ഥിയച്ചു ഒരാഴ്ച കഴിഞ്ഞു വരാൻ പറഞ്ഞു. ഭാര്യയോടു ചോദിച്ചു ഒരാഴ്ച കുടിച്ചോ ഇല്ല എന്നു പറഞ്ഞു. മാസശമ്പളം 10,000 രൂപ ആദ്യമേ കൊടുത്തു വീട്ടിലെ സാധനങ്ങൾ ഒരു മാസത്തേക്കുള്ളത് വാങ്ങി വച്ചിട്ടു വാ എന്നു പറഞ്ഞു അയച്ചു. വീട്ടിൽ ഭാര്യയെ കൂട്ടിക്കൊണ്ടു പോകുന്നതു കുട്ടികളെ സ്കൂളിൽ കൊണ്ടു പോകുന്നതു എല്ലാം അവൻ തന്നെ. എന്റെ ഉള്ളിലെ ക്രിസ്തുവിന്റെ അധികാരം അവനെ വിടുവിച്ചു. ഇനിയും ഒരുപാടു കാര്യങ്ങൾ പറയാനുണ്ട്. വായനക്കാർ എല്ലാപേരും ഇതുപോലെ ക്രിസ്തു ഉള്ളിൽ ഉള്ളവരായി മാറണം. ഓരോരോ യോഗത്തിലും ഫോൺ വിളിച്ചു പറഞ്ഞു പ്രാർത്ഥിക്കുമ്പോഴും എന്തെല്ലാം അത്ഭുതങ്ങൾ. ആ അനുഭവം നിങ്ങൾക്കും ഉണ്ടാകണം നിങ്ങൾ എല്ലാപേരും ജാമക്കാരൻ കുടുംബമാണ്. നിങ്ങൾ എല്ലാപേരിലും ക്രിസ്തു വസിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതാ ഞാൻ വാതിൽക്കൽ നിന്നു മുട്ടിക്കൊണ്ടിരിക്കുന്നു. വാതിൽ തുറന്നാൽ ഉള്ളിൽ വരും. ആ അത്ഭുതം സംഭവിക്കും. പിതാ പുത്രൻ പരിശുദ്ധാത്മ നാമത്തിൽ ആമേൻ.



# THE GOSPEL ACCORDING TO OXYGEN

- Dr. **Muralidar,** M.D.

Continued

# തിരുനെൽവേലി സി.എസ്.ഐ. ഡയോസിസ്

## തിരുനെൽവേലി എൻ.ജി.ഒ.ബി. കോളനി കൺവെൻഷൻ



പല വർഷങ്ങൾ കഴിഞ്ഞ് 2–ാം പ്രാവശ്യമായി ഈ സ്ഥലത്ത് നടന്ന യോഗങ്ങളിൽ ഞാൻ പ്രസംഗിച്ചു. റവ. ലിവിംഗ്സ്റ്റൺ സീനിയർ അച്ചൻ അവർകൾ അദ്ധ്യക്ഷനായി യോഗങ്ങൾ ഭംഗിയായി നടത്തി. കൊറോണക്കുശേഷം ഇവിടെയാണു ഞാൻ ഞായറാഴ്ച രണ്ടര മണിക്കൂർ സമയം കർത്താവിന്റെ വചനം വ്യാഖാനിച്ചു പങ്കുവെച്ചു. പലർ മാനസാന്തരപ്പെട്ടു. ചിലർക്കു രോഗസൗഖ്യം ഉണ്ടായി. ദൈവത്തിന് മഹിമ ഉണ്ടാകട്ടെ.

# കുലശേഖരം സാൽവേഷൻ ആർമി ചർച്ച് യോഗങ്ങൾ


2023 ഫെബ്രുവരി മാസം ഈ പള്ളി ഗ്രൗണ്ടിൽ വച്ചു നടന്ന യോഗങ്ങളിൽ ധാരാളം ഹൈന്ദവർ പങ്കുകൊണ്ടു സുവിശേഷം കേട്ടു. മേജർ എബനേസർ അവർകളും സാൽവേഷൻ ആർമി സഭ ഉന്നത ഉദ്യോഗസ്ഥരും അദ്ധ്യക്ഷം വഹിച്ചു യോഗം നടത്തി (ഈ യോഗത്തിന്റെ ഫോട്ടോ ഇതുവരെ വന്നെത്തിയില്ല).



# സി.എസ്.ഐ. തൂത്തുക്കുടി ഡയോസിസ് പിച്ചിവിളൈ കൂട്ടങ്ങൾ

ഈ ചെറിയ ഗ്രാമത്തിൽ നടന്ന യോഗങ്ങൾ അനുഗ്രഹപ്രദമായി നടന്നു. അടുത്തുള്ള സി.എസ്.ഐ. സഭ അച്ചന്മാരും യോഗത്തിൽ പങ്കെടുത്തു. ഇതു ഒരു ഗ്രാമസഭയായതുകൊണ്ടു ഹൈന്ദവർക്കു വേണ്ടിയുള്ള സുവിശേഷ വാർത്തകൾക്കു പ്രാധാന്യം കൊടുത്തു പ്രസംഗിച്ചു. യേശു എന്ന അത്ഭുതനാമത്തെ കുറിച്ചു ചുറ്റുമുള്ള ഹൈന്ദവർ കേൾക്കുവാൻ തക്കവണ്ണം പ്രസംഗിച്ചതു എന്റെ മനസ്സിനു വളരെ തൃപ്തിയായിരുന്നു.

# C.S.I. കോയമ്പത്തൂർ ഡയോസിസ് കൺവെൻഷൻ



ADDY. Memmorial CSI Church മൂന്നുദിവസ യോഗങ്ങളിൽ പ്രസംഗിച്ചു യുവാക്കൾക്കുവേണ്ടി പ്രത്യേക യോഗങ്ങൾ ഏർപ്പാടു ചെയ്തു. യുവാക്കൾക്കും യുവതികൾക്കും ഉണ്ടാകുന്ന പരീക്ഷകളിൽ എങ്ങനെ ജയം പ്രാപിക്കാം എന്നുള്ള ആലോചന പറഞ്ഞു. ഇപ്പോൾ ചെറിയ പിള്ളാർ മുതൽ യൗവനക്കാർ വരെ വീഡിയോ ഗെയിമിൽ അഡിക്ടായ വിവരം നാമെല്ലാവരും അറിഞ്ഞിരിക്കും. അതിൽ നിന്നു രക്ഷപ്പെടുവാൻ ആലോചന നൽകി റവ. റോബിൻ മോറിയ അവർകൾ യോഗത്തിനു അദ്ധ്യക്ഷം വഹിച്ചു നടത്തി. ദൈവത്തിന്റെ നാമം മഹിമപ്പെട്ടു.

# എന്റെ മാർച്ചു മാസ സുവിശേഷ വേലകൾ

മധുര രാംനാഥ് സി.എസ്.ഐ. ഡയോസിസ് ശിവകാശി യോഗങ്ങൾ 2023 ഏപ്രിൽ മാസം റവ. ഡേവിഡ്സൺ മാർ ജേക്കബ് അവർകളുടെ നേതൃത്വത്തിൽ യോഗങ്ങൾ നടന്നു. ശിവകാശിയുടെ അടുത്തുള്ള പള്ളികളിൽ നിന്നു ധാരാളം ജനങ്ങൾ യോഗങ്ങളിൽ പങ്കെടുത്തു. ഈ സ്ഥലത്താണ് തമിഴ്നാട്ടിൽ കൂടുതൽ ഹൈന്ദവ രഹസ്യ ക്രിസ്ത്യാനികൾ ആത്മീകതയിൽ വളർന്നു സാക്ഷിയോടു ജീവിക്കുന്നു. ബന്ധുക്കളെയും ഭർത്താവിനെയും തൃപ്തിപ്പെടുത്താൻ പൊട്ടുവച്ച് ആരാധനയിൽ കൂട്ടംകൂട്ടമായി പങ്കുകൊള്ളുന്നത് കണ്ടു. ഞാൻ ദൈവത്തെ സ്തുതിച്ചു ഇവരുടെ ഭർത്താക്കന്മാരും ബന്ധുക്കളും കർത്താവിന്റെ തൊഴുത്തിൽ ആയിത്തീരുവാൻ ദൈവം സഹായിക്കട്ടെ.

## C.S.I. കോയമ്പത്തൂർ ഡയോസിസ് ക്രൈസ്റ്റ് ചർച്ച് കൺവെൻഷൻ

2023 ഏപ്രിൽ മാസം നടന്ന ഈ യോഗത്തിൽ ബൈബിൾ സ്റ്റഡി കൺവെൻഷൻ എന്നുള്ള പേരിലാണ് വാൾപോസ്റ്ററിലും നോട്ടീസിലും ഇവർ പരസ്യപ്പെടുത്തിയിരിക്കുന്നത്. ഇത് ഈ സഭക്കാരുടെ ആത്മീക ആഗ്രഹങ്ങളെ മനസ്സിലാക്കിത്തരുന്നു. ഈ സഭക്കാർ മാതിരി മറ്റെല്ലാ സഭക്കാരും പ്രസംഗത്തിനു പ്രാധാന്യം കൊടുക്കാതെ ബൈബിൾ റ്റീച്ചിംഗ് പ്രസംഗത്തിനു താല്പര്യം കാണിക്കണം. റവ. രാജേന്ദ്രകുമാർ യോഗ ഏർപ്പാടുകൾ ചെയ്തിരുന്നു. ദൈവത്തിനു മഹിമ ഉണ്ടാകട്ടെ.

## സെൻട്രൽ കർണ്ണാടക ഡയോസിസ് ബാംഗ്ലൂർ കൺവെൻഷൻ

ഇവിടെ പ്ലാറ്റ് മെമ്മോറിയൽ സി.എസ്.ഐ. ചർച്ചും മറ്റു സി.എസ്.ഐ. ചർച്ചുകളും ചേർന്നു യോഗ ഏർപ്പാടുകൾ ചെയ്തിരുന്നു. ദുഃഖവെള്ളിയാഴ്ച ആരാധനയിൽ ക്രൂശിൽ പറഞ്ഞ ക്രിസ്തുവിന്റെ ഏഴു മൊഴികളെക്കുറിച്ച് ഞാൻ പ്രസംഗിച്ചു. ദൈവനാമം മഹത്വപ്പെട്ടു. റവ. ജ്ഞാനറസൽ വിസാര യോഗ ഏർപ്പാടുകൾ ചെയ്തിരുന്നു.

## തൂത്തുക്കുടി - നസ്രേത്ത് ഡയോസിസ് യോഗങ്ങൾ

2023 ഏപ്രിൽ മാസം സുവിപുരം സി.എസ്.ഐ. ഗ്രൗണ്ടിൽ വച്ച് യോഗങ്ങൾ നടന്നു. സീനിയർ പാസ്റ്റർ റവ. എമിൽ സിംഗ് ഏർപ്പാടുകൾ ചെയ്തിരുന്നു.

## ഒരു പകൽ ഉപവാസയോഗം

തൂത്തുക്കുടി – നസ്രേത്ത് ഡയോസിസ് അച്ചന്മാർ ഭാരവാഹികൾ എല്ലാ സഭാ അംഗങ്ങൾക്കും വേണ്ടി ഒരു ദിവസയോഗം തൂത്തുക്കുടിയിലുള്ള നായിനൂർ എന്ന സ്ഥലത്ത് ഏർപ്പാടു ചെയ്തിരുന്നു. കഴിഞ്ഞ ഒന്നര വർഷങ്ങളായി ഈ ഡയോസിസിൽ ബിഷപ്പ് ഇല്ല. ധാരാളം പ്രശ്നങ്ങൾ ഉണ്ടായി. ഡയോസിസിന്റെ പ്രശ്നങ്ങളെ അന്വേഷിക്കുവാനും സമാധാനം

ഉണ്ടാക്കുവാനും തിരുവനന്തപുരത്തു നിന്നു കടന്നുവന്ന മോസ്റ്റ്. റവ. ധർമ്മരാജ് റസാലം അവർകളുടെ കാർ കല്ലെറിഞ്ഞു ഡയോസിസിന്റെ ഉള്ളിൽ കേറ്റാതെ മടക്കി അയച്ചു. ഇങ്ങനെ പ്രശ്നങ്ങൾ ദിവസംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഡയോസിസിൽ ഉള്ള അച്ചന്മാരും സഭയിൽ ഉള്ള ആത്മീകപ്രമാണിമാരും ചേർന്നു. ഈ ഉപവാസം സംഘടിപ്പിച്ചിരിക്കുന്നു. ശക്തിയാലും അല്ല സൈന്യത്താലും അല്ല എന്റെ ആത്മാവിനാൽ അതു സംഭവിക്കും ദൈവം പ്രവർത്തിച്ചാൽ മാത്രം ഡയോസിസിന് സമാധാനം വരും എന്നു ചിന്തിച്ച് എന്റെ മേൽനോട്ടത്തിൽ ഈ ഉപവാസ പ്രാർത്ഥന നടത്തി. ദൈവം പ്രാർത്ഥന കേട്ടു. ഡയോസിസിനു സമാധാനം ഉണ്ടാക്കി. നല്ല ആത്മീക ബിഷപ്പിനെ തിരഞ്ഞെടുക്കുവാൻ കൃപ ചെയ്യുമാറാകട്ടെ.

## മധുരൈ രാംനാഥപുരം ഡയോസിസ് ഉക്കിരംകേട്ടൈ സി.എസ്.ഐ. കൺവെൻഷൻ

മൂന്നുദിവസ യോഗങ്ങൾ അനുഗ്രഹകരമായി നടന്നു. റവ. ജപസിംഗ് അവർകൾ യോഗ ഏർപ്പാടുകൾ ചെയ്തിരുന്നു.

## സി.എം.എസ്. സഭകളുടെ യൂണിയൻ യോഗങ്ങൾ

തമിഴ്നാട്ടിൽ ഉള്ള എല്ലാ സി.എം.എസ്. സഭകൾ ഒന്നു ചേർന്നു തൂത്തുക്കുടിയിൽ സായർപുരം എന്ന സ്ഥലത്ത് സി.എം.എസ്. സഭ ഗ്രൗണ്ടിൽ വച്ച് പന്തലിട്ട് ആഹാരം ക്രമീകരിച്ച് ഈ യോഗങ്ങളെ വ്യത്യാസമായി ഇവർ നടത്തി. ദൂരത്തുനിന്ന് വന്ന് യോഗത്തിൽ സംബന്ധിച്ചവർക്കും ആഹാരം ക്രമീകരിച്ചിരുന്നു.

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street, Old Suramangalam, Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street, Old Suramangalam. Salem-636005 |

I, **Dr. M.G.E.PUSHPARAJ** *hereby declare that the particulars given above are true to the best of my knowledge and belief.*

Dated : 1- 3-2023
Salem - 636 005

**(Sd.) Dr. M.G.E.PUSHPARAJ**
*Signature of Publisher & Editor*

**FEBRUARY -2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.